# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.100** | **10.12.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്** |

## <u>പി.എസ്.സി. നിയമനങ്ങൾ</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.എ. ബേബി** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| എ) | സർക്കാർ വകുപ്പുകളിലെ എസ്.സി./എസ്.ടി ഒഴിവുകൾ പൂർണ്ണമായും 2012 ഡിസംബർ 31 ന് മുൻപായി നികത്തുമെന്നുള്ള സർക്കാർ പ്രഖ്യാപനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; | എ) | പൂർണ്ണമായും നടപ്പിലാക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇപ്രകാരം പി.എസ്.സി എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുകയുണ്ടായി; എത്ര ഒഴിവുകളാണ് നികത്താനുണ്ടായിരുന്നത്; | ബി) | 31.12.2008 ന് മുൻപ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നാളിതുവരെ 277 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. 451 ഒഴിവുകളാണ് നികത്തുവാനുണ്ടായിരുന്നത്.<br>ഡിസംബറോട് കൂടി എല്ലാവർക്കും അഡ്വൈസ് മെമ്മോ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | പി.എസ്.സി അഡ്വൈസ് ചെയ്ത എല്ലാവർക്കും നിയമന ഉത്തരവുകൾ നൽകുകയുണ്ടായോ; ഇല്ലെങ്കിൽ ഇനിയും നിയമനം നടത്താനുള്ളവ എത്ര? | സി) | ജലസേചന വകുപ്പൊഴികെയുള്ള വകുപ്പുകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത എല്ലാവർക്കും നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്.<br><br>ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 23.11.2005-ലെ ഡബ്ല്യൂ.പി.(സി) 32696/05/പി നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതും 29.09.2008-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ നൽകിയതുമായ 11 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല. ടി ഹൈക്കോടതി |

| | | | |
|---|---|---|---|
| | | | വിധിക്കെതിരായി റിവ്യൂ പെറ്റീഷനോ റിട്ട് അപ്പീലോ ഫയൽ ചെയ്യുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയതുകൊണ്ടാണ് ജലസേചന വകുപ്പിൽ നിയമനം നൽകാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ